**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **04-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരപാത രണ്ടാംഘട്ട നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരപാത രണ്ടാം ഘട്ട നിർമ്മാണ പദ്ധതിയുടെ നടപടികൾ ഏത് വരെയായി എന്നു വിശദമാക്കാമോ; | (എ) | കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടം ഉൾപ്പെട്ട 10 റോഡുകൾ, രാമനാട്ടുകര – വട്ടക്കിണർ, പന്നിയങ്കര – പന്തീരങ്കാവ് റോഡ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. 06.06.2022 – ലെ ജി.ഒ(ആർ.റ്റി) നം.613/2022/പൊ.മ.വ പ്രകാരം കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ഡി.ബി.എഫ്.ഒ.റ്റി - ആന്വിറ്റി വ്യവസ്ഥയിൽ 1.70 കി.മി. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കാനായിട്ടുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | മാവൂർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ? | (ബി) | മാവൂർ റോഡിലെ നന്തിലത്ത് കവലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്, നിലവിൽ അമൃത് പദ്ധതിയിൽ പൂർത്തീകരിച്ച അഴുക്കുചാൽ, അരയിടത്ത് പാലം ജംഗ്ഷനിൽ നിന്ന് കനോലി കനാലിലേക്ക് ഒഴുക്കി വിടുന്നതിനുള്ള പ്രവൃത്തിക്കായി 290 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫ്ലഡ്ഡിംഗ് മിറ്റഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി 04.03.2022 - ന് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ